ലേഖനം

●

അബ്ദുല്‍ ഹകീം നദ്‌വി



# മതാത്മക ബഹുസ്വരത തത്ത്വവും സമീപനവും

**ഓരോ** വ്യക്തിക്കും അയാള്‍ക്ക് ശരിയും യുക്തവുമെന്ന് ബോധ്യപ്പെടുന്ന വ്യവസ്ഥ സ്വയം കണ്ടെത്താനും അനുഷ്ഠിക്കാനുമുള്ള സ്വാതന്ത്ര്യം പരസ്പരം അനുവദിക്കാനുള്ള സൗമനസ്യമാണ് ഒരു ബഹുസ്വര സമൂഹത്തിനുണ്ടാകേണ്ട സഹിഷ്ണുത. എനിക്ക് എന്റെ ജീവിതശൈലി പോലെ വിലപ്പെട്ടതാണ് അപരന് അയാളുടേതുമെന്ന് തിരിച്ചറിയുന്ന സഹിഷ്ണുതാബോധമാണ് പ്രബുദ്ധ മാനവികതയുടെ അടിത്തറ പണിയാനുള്ള ഏകോപാധി. വര്‍ഗീയ-ജാതീയ വിപത്തുകളെ ചെറുക്കാനുള്ള ഏക സര്‍ഗാത്മക പരിഹാരവും ഇതുതന്നെ. ഇസ്‌ലാം ഇതിന് എമ്പാടും പ്രോത്സാഹനം നല്‍കുന്നു. അപരന്റെ സത്വത്തെ എതിര്‍ക്കാതെ തിരിച്ചറിഞ്ഞ് മാനിക്കുക എന്നതാണ് ഇസ്‌ലാമിന്റെ പ്രകൃതം.

ഒരു മഴവില്‍ സമൂഹത്തില്‍ വിവിധ വര്‍ണങ്ങളെ ഉള്‍ക്കൊള്ളാനും മാനിക്കാനും പോന്ന ഉയര്‍ന്ന സഹിഷ്ണുതാ ബോധവും വിട്ടുവീഴ്ചാ മനോഭാവവുമാണ് ഇസ്‌ലാമിന്റെ സവിശേഷത. ഇസ്‌ലാം വിഭാവനം ചെയ്യുന്ന രാഷ്ട്രവും രാഷ്ട്രീയവും മുസ്‌ലിമിന്റെ രാഷ്ട്രവും രാഷ്ട്രീയവുമല്ല, മറിച്ച് ജനങ്ങളുടേതാണ്. "ബഹുസ്വര രാഷ്ട്രത്തില്‍ ജീവിക്കുന്നവര്‍ തുല്യാവകാശമുള്ള പൗരന്മാരാണ്. പൗരത്വം രാഷ്ട്രവുമായി

ഉണ്ടാക്കുന്ന കരാറാണ്. ഇത് പാലിക്കാൻ ഓരോ പൗരനും നിർബന്ധിതനുമാണ്." ഒരു അൾട്രാ സെക്യുലർ രാജ്യത്തിന്റെ ഭരണഘടനാ വാക്യങ്ങളല്ലിത്. വൈവിധ്യങ്ങളുടെ വർണപ്പൂക്കൾ വിരിയുന്ന ബഹുമത -ബഹുസ്വര സമൂഹത്തിലെ ഇസ്ലാമിക രാഷ്ട്ര സങ്കൽപത്തിന്റെ പ്രഥമ വചനങ്ങളായിരിക്കുമിവ.

വ്യത്യസ്ത ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, പൈതൃകങ്ങൾ, സ്വഭാവ സവിശേഷതകൾ, സംസ്കാരങ്ങൾ എല്ലാം മേളിക്കുമ്പോഴാണ് ബഹുത്വമുണ്ടാകുന്നത്. ഈ ബഹുത്വമാണ് നമ്മുടെ ചുറ്റുപാടുകളെ സൗന്ദര്യമുള്ളതാക്കുന്നത്. ബഹുസ്വര സമൂഹത്തിലെ വിവിധ സ്വത്വങ്ങൾക്ക് അവയുടെ തനിമ നിലനിർത്തിക്കൊണ്ടുതന്നെ പരസ്പരം ഉൾക്കൊള്ളാൻ സാധിക്കുക എന്നതാണ് ഒരു ജനത ബഹുസ്വരതയെ മാനിക്കുന്നുഎന്നതിന്റെ വിവക്ഷ. അഥവാ ഒരു മുസ്ലിം ചന്ദനക്കുറി തൊട്ട് ക്ഷേത്രദർശനം നടത്തുകയും ഹിന്ദു തൊപ്പി വെച്ച് പള്ളിയിൽ പോവുകയും ചെയ്യുമ്പോഴാണ് ബഹുസ്വരതയുണ്ടാകുന്നതെന്ന വാദം ഭീമാബദ്ധമാണ്. ബഹുസ്വര സമൂഹത്തിൽ നാം ചെയ്യുന്ന വിട്ടുവീഴ്ചകൾ ക്രമേണ ഒരു ഏകശിലാ സമൂഹ രൂപീകരണത്തിനുള്ള ചുവടുവെപ്പുകളാകാവതുമല്ല.

മുസ്ലിം സമൂഹം ബഹുസ്വരതയെ രണ്ട് ആത്യന്തിക വീക്ഷണ കോണിലൂടെയാണ് ഇന്നും നിരീക്ഷിക്കുന്നത്. മുസ്ലിമേതര വിഭാഗങ്ങളുടെ ആഘോഷങ്ങളിലും ചടങ്ങുകളിലും പങ്കെടുക്കുന്നതും ആശംസകൾ കൈമാറുന്നതും ശിർക്കും ഹറാമുമാണെന്ന അറുപിന്തിരിപ്പൻ യാഥാസ്ഥിതിക വാദമാണ് ഒരു പക്ഷത്തിന്റേത്. മത സൗഹാർദത്തിന്റെ ലേബലൊട്ടിച്ച് ശബരിമല സന്ദർശിക്കുകയും മഖ്ബറകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഉറൂസുകളിൽ മതസൗഹാർദ സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്താൽ തീരുന്ന ബഹുസ്വരതയാണ് മറുപക്ഷത്തിന്റേത്.

മത–സാംസ്കാരിക–അനുഷ്ഠാനപരമായ വൈജാത്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ പരസ്പരം ഉൾക്കൊള്ളാനും അംഗീകരിക്കാനും കൊണ്ടും കൊടുത്തും ബന്ധങ്ങൾ ദൃഢീകരിക്കാനും മാത്രം പാകമായ ബഹുസ്വരതയാണ് ഇസ്ലാം വിഭാവനം ചെയ്യുന്നത്. ഇത് ഒരു അടവുനയമല്ല; ഇസ്ലാമിന്റെ പ്രകൃതം തന്നെയാണ്. മാനവകുലത്തിന്റെ ഉത്ഭവകേന്ദ്രം ഒന്നാണെന്നും അവരെല്ലാം ഒരൊറ്റ മാതാപിതാക്കളുടെ മക്കളാണെന്നും ഉണർത്തുന്ന അല്ലാഹു (*അന്നിസാഅ്* 1, *അൽ ഹുജ്റാത്ത്* 13) ബഹുവർണ പുഷ്പങ്ങൾ വിരിഞ്ഞ് നിൽക്കുന്ന മലർവാടി പോലെ ഈ മണ്ണിൽ വൈവിധ്യങ്ങൾ അവസാനം വരെ നിലനിൽക്കുമെന്നും അറിയിക്കുന്നുണ്ട് (*ഹൂദ്* 118). സൃഷ്ടികളെല്ലാം ദൈവകുടുംബമാണെന്ന പ്രവാചകവചനം ഈ വീക്ഷണത്തെ ബലപ്പെടുത്തുന്നു.

മുസ്ലിം സമൂഹം ന്യൂനപക്ഷവും ഭൂരിപക്ഷവുമായിരുന്നപ്പോഴെല്ലാം ബഹുസ്വര സമൂഹത്തിൽ മാനവിക ബന്ധങ്ങൾ മാനിച്ചും നിലനിർത്തിയും പരസ്പര ഉൾച്ചേർച്ചയുടെ പ്രയോഗതലം ധാരാളമായി കാഴ്ചവെച്ചിട്ടുണ്ട്. പ്രവാചകൻ(സ) മരണമടയുമ്പോൾ തന്റെ പരിച ജൂതന്റെ വശം പണയത്തിലായിരുന്നു (ബുഖാരി) എന്ന ഒരൊറ്റ സംഭവം മതി അവരുടെ പരസ്പര ബന്ധത്തിന്റെ ആഴമളക്കാൻ. എതിർപക്ഷത്ത് നിലയുറപ്പിച്ച് തങ്ങളെ തകർക്കാൻ അടവുകൾ മെനയുന്നവർ ദാരിദ്ര്യത്തിലാണെന്നറിഞ്ഞപ്പോൾ അവർക്ക് ഭക്ഷ്യ ധാന്യങ്ങളെത്തിച്ചുകൊടുക്കുന്ന പ്രവാചകൻ(സ) ബഹുസ്വര സമൂഹത്തിൽ എതിർചേരിയിൽ നിൽക്കുന്നവരോട് പോലും കാരുണ്യപൂർവം വർത്തിക്കണമെന്ന് ബോധ്യപ്പെടുത്തുന്നു (*ശറഹുസ്സിയറിൽ കബീർ*, വാള്യം 1, പേജ് 142).

പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്യവെ വഴികാട്ടിയായി മുസ്‌ലിമല്ലാത്ത അബ്ദുല്ലാഹിബ്നു ഉറൈഖിദിനെ നിയോഗിക്കാൻ മാത്രം വിശാലവും ദൃഢവുമായിരുന്നു അവരുടെ ആത്മബന്ധം. പ്രവാചകന്റെ നിത്യ ചികിത്സകനായി ഹാരിസ്ബ്നു കൽദാൻ അസ്സഖഫി എന്ന ക്രിസ്ത്യാനി നിയമിക്കപ്പെടുന്നതും ഈ ഉൾച്ചേരലിന്റെ ഭാഗമാണ്.

മുസ്‌ലിമല്ലാതിരുന്ന സ്വഫ്‌വാനുബ്നു ഉമയ്യ നബിയോടൊപ്പം ശത്രുപക്ഷത്തിനെതിരെ യുദ്ധത്തിന് പുറപ്പെടുന്നതും, സ്വന്തം ജന്മനാട്ടിൽ ജീവിക്കാനാകാതെ നാട് വിടാൻ തീരുമാനിച്ച അബൂബക്കറി(റ)നെ ഇബ്നുദ്ദുഗ്ന എന്ന മുസ്‌ലിമല്ലാത്ത സുഹൃത്ത് തിരിച്ചു വിളിക്കുന്നതും മതിയായ സംരക്ഷണം നൽകുന്നതും ഇസ്‌ലാമിക ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവങ്ങളല്ല. ക്രിസ്ത്യാനിയായിരുന്ന ഉമ്മുൽ ഹാരിസുബ്നു റബീഅ മരണപ്പെട്ടപ്പോൾ അവരുടെ ശവസംസ്കാരച്ചടങ്ങുകളിൽ പ്രവാചകാനുയായികൾ പങ്കെടുക്കുകയുണ്ടായി (ഇബ്നു ഹസം, *മുഹല്ല* 5/117).

പ്രവാചകന്മാരെല്ലാം അവരുടെ സമൂഹത്തെ അഭിസംബോധന ചെയ്യുന്നത് സഹോദരർ എന്നാണ്. മനുഷ്യത്വരഹിതമായി പെരുമാറിയ ജനതതികളെ സഹോദരരെന്ന് വിളിക്കാനും അങ്ങനെത്തന്നെ പെരുമാറാനും മാത്രം വിശാലമാണ് പ്രവാചക ദർശനത്തിന്റെ ആദർശഭൂമിക എന്ന യാഥാർഥ്യത്തെ അടിവരയിടുകയാണ് ഈ അഭിസംബോധന. മത, ജാതീയ മതിൽകെട്ടുകളുടെ അകത്തും പുറത്തും നിൽക്കുന്നവരായിരുന്നില്ല പ്രവാചകന്മാരും അവരുടെ സമൂഹവും. കൊണ്ടും കൊടുത്തും അറിഞ്ഞും അറിയിച്ചും ജീവിക്കുകയായിരുന്നു അവർ.

പ്രവാചകത്വലബ്ധിയുടെ പതിനഞ്ചാം വർഷമാണ് ഇസ്‌ലാം യുദ്ധം അനുവദിച്ചത്. അതും അനിവാര്യവും നിർണായകവുമായ ഘട്ടത്തിൽ മാത്രം. യുദ്ധാനുമതി നൽകിക്കൊണ്ട് അവതീർണമായ പ്രഥമ ഖുർആനിക സൂക്തം അവസാനിക്കുന്നത് ഇങ്ങനെയാണ്: ".... അല്ലാഹു ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെകൊണ്ട് പ്രതിരോധിച്ചുകൊണ്ടിരിക്കുന്നില്ലായിരുന്നുവെങ്കിൽ, ദൈവനാമം ധാരാളമായി സ്മരിക്കുന്ന മഠങ്ങളും പ്രാർഥനാലയങ്ങളും (ചർച്ചുകൾ) ക്ഷേത്രങ്ങളും പള്ളികളും തകർക്കപ്പെട്ടു പോകുമായിരുന്നു" (*അൽഹജ്ജ്* 40). അധികാരം ഒരേ കൈകളിലാണ് എപ്പോഴും നിലനിൽക്കുന്നതെങ്കിൽ കൊട്ടാരങ്ങളും രാഷ്ട്രീയ ദർബാറുകളും അധികാര കേന്ദ്രങ്ങളും മാത്രമല്ല നശിപ്പിക്കപ്പെടുക. വിവിധ വിഭാഗങ്ങളുടെ ആരാധനാലയങ്ങളും കൈയേറ്റങ്ങളിൽനിന്ന് സുരക്ഷിതമായിരിക്കുകയില്ല. അഥവാ വൈവിധ്യങ്ങൾ തകർക്കലല്ല; അവയുടെ സന്തുലിതത്വവും താളാത്മകതയും തകർക്കാതിരിക്കലാണ് യുദ്ധങ്ങളിലും പോലും ദീക്ഷിക്കപ്പെടുന്നത്.

ബന്ധങ്ങൾ അസുഖകരമാകുമ്പോൾ പോലും തിരിച്ചു മോശമായി പെരുമാറാതിരിക്കാനും ഇങ്ങോട്ട് സൗമനസ്യവും സഹാനുഭൂതിയും കാണിച്ചാൽ അതിലുപരി തിരിച്ചു കാണിക്കാനും പാകപ്പെട്ട മനസ്സും വിചാരങ്ങളും ഉണ്ടാകുമ്പോഴാണ് ബഹുസ്വര സമൂഹത്തിലെ ഇസ്‌ലാം ജീവനുള്ളതാകുന്നത്. ബഹുസ്വരസമൂഹത്തിൽ അഭിമുഖീകരിക്കുന്ന പൊതുപ്രശ്നങ്ങൾ എങ്ങനെ നേരിടണമെന്നതിനെക്കുറിച്ച സന്തുലിത നിലപാട് ഇനിയും മുസ്‌ലിം സമൂഹത്തിൽ ഉരുത്തിരിഞ്ഞിട്ടില്ല. എന്നല്ല, സങ്കുചിത യാഥാസ്ഥിതിക നിലപാടുകൾക്ക് മേൽക്കൈ ലഭിക്കുന്ന കാഴ്ചയാണ് പലപ്പോഴും കാണാനാകുന്നത്. ഒരു ബഹുസ്വരസമൂഹത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിക്കാൻ നമുക്ക് സാധിക്കണമെങ്കിൽ ഇനിയും നാം വളരേണ്ടതുണ്ട് എന്നാണിത് ബോധ്യപ്പെടുത്തുന്നത്.

## അഭിവാദ്യ പ്രത്യഭിവാദ്യങ്ങൾ

ഒരു ബഹുമത–ബഹുസ്വര സമൂഹത്തിൽ പരസ്പര ഉൾച്ചേർച്ചയിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണിത്. ഏത് വിഭാഗങ്ങളുടെയും അഭിവാദ്യങ്ങൾ സഹിഷ്ണുതയോടെ സ്വീകരിക്കാനും അതിലേറെ മാന്യമായി പ്രത്യഭിവാദ്യം ചെയ്യാനും സാധിക്കുന്നത് ബഹുസ്വരതയെ സർഗാത്മകമാക്കുന്നതിൽ ഏറെ നിർണായകമാണ്. നബിയുടെ കാലഘട്ടത്തിൽ മുസ്‌ലിം–മുസ്‌ലിമേതര വിവേചനങ്ങളില്ലാതെ ഉപയോഗിച്ചിരുന്ന അഭിവാദ്യമായിരുന്നു 'സലാം'. മുസ്‌ലിംകളല്ലാത്തവർക്ക് സലാം അല്ലാതെ മറ്റു അഭിവാദ്യ വാക്യങ്ങൾ ഉണ്ടായിരുന്നില്ല. മക്കയിലെ ബഹുദൈവവിശ്വാസികൾ, ജൂത –ക്രൈസ്തവ വിഭാഗത്തിൽ പെട്ടവർ, നഗരവാസികൾ, ഗ്രാമീണർ തുടങ്ങി എല്ലാവരുടെയും അഭിവാദ്യം സലാം തന്നെയായിരുന്നു.

അഭിവാദ്യവും പ്രത്യഭിവാദ്യവുമായി ബന്ധപ്പെട്ട് ഖുർആൻ പറയുന്നത് കാണുക: "നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ അതിനേക്കാൾ മാന്യമായോ തത്തുല്യമായോ പ്രത്യഭിവാദ്യം ചെയ്യുക" (*അന്നിസാഅ്* 86). മുസ്‌ലിം സമൂഹത്തിന്റെ എതിർചേരിയിൽ നിലകൊണ്ടവർ ഏറെ അസഹിഷ്ണുതയും വെറുപ്പും പാരുഷ്യവും പ്രകടിപ്പിക്കുകയും അക്കാരണത്താൽ തന്നെ അവർക്കിടയിലെ ബന്ധം വഷളാകാൻ കൂടുതൽ സാധ്യത നിലനിൽക്കുകയും ചെയ്തിരുന്ന സന്ദർഭത്തിലാണ് ഈ സൂക്തം അവതീർണമായത്. നിങ്ങൾക്ക് ആരോടും വിദ്വേഷമുണ്ടാകരുത്, ഇങ്ങോട്ട് സൗമനൃവും സഹാനുഭൂതിയും കാണിച്ചാൽ അതിലുപരി തിരിച്ചും കാണിക്കുക, മാന്യതക്ക് മാന്യതകൊണ്ട് മറുപടി നൽകുക, അഭിവാദ്യ സന്ദർഭങ്ങളിൽ ഈ മാന്യത കൂടുതൽ പ്രകടമാക്കുക തുടങ്ങി ബഹുസ്വര സമൂഹത്തിൽ ഉണ്ടാവേണ്ട ഉന്നത മാനവിക ബന്ധങ്ങൾ നിലനിർത്താനാവശ്യമായ ഉപദേശങ്ങൾ ഉൾക്കൊള്ളുന്നതാണീ സൂക്തം.

അബൂ ഉമാമ പറയുന്നു: പ്രവാചകൻ (സ) നേരിൽ കാണുന്നവരോടെല്ലാം സലാം പറയുമായിരുന്നു. അതു സംബന്ധിച്ച് നബിതിരുമേനിയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "മുസ്‌ലിംകൾക്ക് സലാം അഭിവാദ്യമാണെങ്കിൽ അല്ലാത്തവർക്ക് അഭയവാക്യം കൂടിയാണിത്." സലാം എല്ലാവർക്കും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഉപാധി കൂടിയാണെന്ന് പഠിപ്പിക്കുകയായിരുന്നു പ്രവാചകൻ. ഇബ്നു അബ്ബാസ് പറയുന്നു: ദൈവസൃഷ്ടികളാരെങ്കിലും –അവർ അഗ്നിയാരാധകരാണെങ്കിൽ പോലും– നിന്നോട് അഭിവാദ്യം ചെയ്താൽ തിരിച്ചും അഭിവാദ്യമർപ്പിക്കുക. കാരണം അല്ലാഹു പറയുന്നു: "നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ അതിനേക്കാൾ മാന്യമായോ തുല്യമായോ പ്രത്യഭിവാദ്യം ചെയ്യുക."

ഈ ആശയത്തോട് പൊരുത്തപ്പെടാത്തതെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന ചില പ്രാമാണിക നബിവചനങ്ങളും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവയെല്ലാം ചില പ്രത്യേക സന്ദർഭങ്ങളിൽ സ്വീകരിച്ച നയനിലപാടുകൾ മാത്രമായിരുന്നു. സലാം വ്യക്തികളെ പരിഹസിക്കാനും ജനമധ്യത്തിൽ തരംതാഴ്ത്തി കാണിക്കാനുമായി ചില കുബുദ്ധികൾ ദുരുപയോഗം ചെയ്യാൻ തുടങ്ങിയപ്പോൾ അതിന് തടയിടാൻ സ്വീകരിച്ച താൽക്കാലിക നിലപാടുകൾ മാത്രമായിരുന്നു അത്. പ്രസ്തുത ഹദീസുകളുടെ പ്രത്യക്ഷ വായനയിൽനിന്നുതന്നെ ഇത് ഏതൊരാൾക്കും ബോധ്യപ്പെടുന്നതുമാണ്.

## ആരാധനാലയങ്ങൾ

ആരാധനാലയങ്ങളുടെ കവാടം ജനങ്ങളുടെ മുമ്പിൽ കൊട്ടിയടക്കപ്പെടാവതല്ല. അവ ജനസമ്പർക്ക കേന്ദ്രങ്ങളാവേണ്ടതുണ്ട്. അഥവാ, ആരാധനാലയങ്ങളാകു

ന്നതോടൊപ്പം ആർക്കും എപ്പോഴും കടന്നുവരാവുന്ന പൊതുസമൂഹത്തിന്റെ അഭയ കേന്ദ്രങ്ങൾ കൂടിയായിരിക്കുമവ. പള്ളികളെ (മസാജിദുല്ലാഹ്) കുറിച്ച ഇസ്‌ലാമിക കാഴ്ചപ്പാടാണിത്. മദീന ആസ്ഥാനമായി പ്രവാചകൻ സ്ഥാപിച്ച ഇസ്‌ലാമിക രാഷ്ട്രത്തിന്റെ പ്രഥമ സംരംഭം ഒരു മസ്ജിദായത് യാദൃഛികമല്ല. ഒരു രാഷ്ട്രത്തിന്റെ ഭരണ സിരാകേന്ദ്രം മസ്ജിദിൽ കേന്ദ്രീകരിച്ചായിരിക്കണമെന്ന തീരുമാനത്തിന്റെ ഭാഗമായിരുന്നു ഇത്. മസ്ജിദുന്നബവി എന്നറിയപ്പെടുന്ന പ്രസ്തുത ദൈവികഗേഹത്തിൽ ജൂത, ക്രൈസ്തവ, ബഹുദൈവ വിശ്വാസികൾ ഉൾപ്പെടെ പലരും പല സന്ദർഭങ്ങളിലായി വരികയും തങ്ങുകയും അവരുടെ ആരാധനാനുഷ്ഠാനങ്ങൾ നിർവഹിക്കുകയും ചെയ്ത പല സംഭവങ്ങളും ഇബ്നു ഇസ്ഹാഖ്, ഇബ്നുൽ അസീർ, ഇബ്നു കസീർ തുടങ്ങിയ പ്രാമാണിക ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

ബനൂ തമീം, ബനൂ ആമിർ, ബനൂ സഅ്ദ്ബ്നു ബക്ർ, സഖീഫ്, നജ്റാൻ തുടങ്ങിയ ഗോത്ര വിഭാഗങ്ങൾക്കെല്ലാം പ്രവാചകന്റെ പള്ളിയിൽ പ്രവേശനാനുമതി നൽകിയെന്ന് മാത്രമല്ല. അവർക്ക് താമസിക്കാനും ആശയസംവാദം നടത്താനും ആരാധനാനുഷ്ഠാനങ്ങൾ നിർവഹിക്കാനും വരെ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയുണ്ടായി. മുസ്‌ലിംകളല്ലാത്തവരുടെ പള്ളിപ്രവേശം ഒരു ചർച്ച പോലും ആകേണ്ടതില്ലാത്തവിധം സുതാര്യമായ പ്രായോഗിക സമീപനമാണ് പ്രവാചകന്റേതെന്ന് സാരം. പക്ഷേ, ഇസ്‌ലാമിന്റെ മാനവിക സഹിഷ്ണുതാഭാവം പൊതുസമൂഹത്തിനിടയിൽ ചെറുതല്ലാത്ത സ്വാധീനം ചെലുത്തുന്ന വർത്തമാന പരിസരത്ത് പോലും ഇതിനെതിരെ കലാപക്കൊടിയുയർത്തുന്നവർ മുസ്‌ലിം സമൂഹത്തിലെ പ്രബലന്മാർ തന്നെയാണെന്നത് ഏറെ സഹതാപാർഹമാണ്.

പള്ളിപ്രവേശവുമായി ബന്ധപ്പെട്ട് നാല് അഭിപ്രായങ്ങളാണ് മുസ്‌ലിം സമൂഹത്തിൽ നിലനിൽക്കുന്നത്. 1. മുസ്‌ലിമല്ലാത്ത ഒരാളും ഒരു സമയത്തും ഒരു പള്ളിയിലും പ്രവേശിക്കാവതല്ല. 2. മസ്ജിദുൽ ഹറാമിൽ ഒഴികെ മറ്റു പള്ളികളിൽ അവർക്ക് പ്രവേശിക്കാം. 3. മസ്ജിദുൽ ഹറാമിൽ തന്നെയും ഹജ്ജ് വേളയിൽ മാത്രമേ പ്രവേശിക്കുന്നതിനു വിലക്കുള്ളൂ. 4. പ്രസ്തുത നിരോധം തന്നെയും പ്രവാചകകാലത്തെ മക്കാ മുശ്‌രിക്കുകൾക്ക് മാത്രം ബാധകമായതാണ്. ഇതിൽ ഒന്നാമത്തെ വീക്ഷണം ശരീഅത്ത് പിൻബലമില്ലാത്ത സങ്കുചിത യാഥാസ്ഥിതിക വാദം മാത്രമാണ്. രണ്ടാമത്തേത് തദ്വിഷയവുമായി ബന്ധപ്പെട്ട ഖുർആനിക സൂക്തത്തിന്റെ പ്രത്യക്ഷമായ അക്ഷരവായനയും. മൂന്നാമത്തെ അഭിപ്രായം ഇമാം അബൂഹനീഫ ഉൾപ്പെടെയുള്ള ഒരു പ്രബല വിഭാഗത്തിന്റേതാണ്. ഹജ്ജ് വേളയിലും തൗഹീദിന് നിരക്കാത്ത ജാഹിലിയ്യാ അനുഷ്ഠാനങ്ങൾ നിർവഹിക്കാൻ ലക്ഷ്യം വെച്ച് പ്രവേശിക്കുന്നതും മാത്രമേ വിലക്കിയിട്ടുള്ളൂ എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. മറ്റു സന്ദർഭങ്ങളിലെല്ലാം ഇതര ആവശ്യങ്ങൾക്കു വേണ്ടി പ്രവേശിക്കുന്നത് അനുവദനീയമാണെന്നും അവരെ തടയാനാവില്ലെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

സൂറ *അത്തൗബ*യിലെ 28–ാം സൂക്തം വിശദീകരിച്ചുകൊണ്ട് ഇമാം സമഖ്ശരി രേഖപ്പെടുത്തുന്ന അഭിപ്രായം ഏറെ പ്രസക്തമാണ്. "മുശ്‌രിക്കുകൾ ഈ വർഷത്തിനു ശേഷം മസ്ജിദുൽ ഹറാമിൽ പ്രവേശിക്കരുത്" എന്ന കൽപനകൊണ്ടുദ്ദേശിക്കുന്നത്, അവരെ അതിന്റെ ഭരണനിർവഹണമോ കൈകാര്യ കർതൃത്വമോ ഏൽപിക്കരുത് എന്നു മാത്രമാണ്. അവരുടെ പ്രവേശനാനുമതി ഈ സൂക്തത്തിലൂടെ ഒരിക്കലും നിഷേധിക്കപ്പെടുന്നില്ല.

നാലാമത്തെ നിരീക്ഷണവും ഏറെ ശ്രദ്ധേയമാണ്. ഖുർആനിലെ മുശ്‌രിക്ക്

പ്രയോഗം മക്കയിലെ ബഹുദൈവവിശ്വാസികളെ മാത്രം ലക്ഷ്യമാക്കിക്കൊണ്ടുള്ള താണ്. ആയതിനാൽ മേൽ നിരോധം അവർക്ക് മാത്രം ബാധകമായതുമാണ്. ഇസ്‌ലാമിക കേന്ദ്രത്തിന്റെ സുരക്ഷിതത്വമാണ് ഈ നിരോധത്തിന്റെ ഉദ്ദേശ്യമെന്ന വാദത്തിനും തെളിവുകളുടെ പിൻബലമില്ല. മാത്രമല്ല, അതുണ്ടെങ്കിൽ തന്നെയും പ്രസ്തുത പ്രശ്നം പരിഹരിക്കേണ്ടത് ഒരു വിഭാഗത്തിന്റെ ന്യായമായ അവകാശങ്ങൾ ഹനിച്ചുകൊണ്ടാവരുതല്ലോ.

മൂന്നും നാലും അഭിപ്രായങ്ങളാണ് ഖുർആന്റെ കേന്ദ്ര ആശയത്തോട് നീതി പുലർത്തുന്നതും യുക്തിസഹവുമെന്ന് അനുമാനിക്കാം. ഇസ്‌ലാമിന്റെ സാംസ്കാരിക തനിമ പൂർണതയിൽ നിലനിൽക്കേണ്ട മസ്ജിദുൽ ഹറാമിൽ പോലും മുസ്‌ലിംകളല്ലാത്തവർക്ക് പ്രവേശനാനുമതി നിഷേധിക്കാവതല്ലെന്ന് പൗരാണിക പണ്ഡിതന്മാരും ഖുർആൻ വ്യാഖ്യാതാക്കളും ഉൾപ്പെടെ ഒരു വിഭാഗം അഭിപ്രായപ്പെട്ടിട്ടുണ്ട് എന്നതാണ് വസ്തുത. ബഹുസ്വരസമൂഹത്തിലെ ഇസ്‌ലാമിനെക്കുറിച്ച വിശാലവും പക്വവുമായ ലോക പണ്ഡിതന്മാരുടെ പൊതു അഭിപ്രായങ്ങളിൽ പലതിനോടും ഇനിയും പൊരുത്തപ്പെടാൻ സാധിച്ചിട്ടില്ലാത്ത 'സലഫി മൻഹജി'ൽനിന്നുകൊണ്ടാണ് ഹറം പരിപാലന ചുമതലയുള്ളവർ നിലപാടുകൾ സ്വീകരിക്കുന്നത് എന്നതുകൊണ്ട് തന്നെ ഒന്നാമത് പറഞ്ഞ യാഥാസ്ഥിതിക സങ്കുചിത വാദത്തിന്റെ പുറത്തുകടക്കാൻ ഇപ്പോഴും അവർക്ക് സാധിച്ചിട്ടില്ല.

മുസ്‌ലിംകളല്ലാത്തവർക്ക് പള്ളികളിൽ പ്രവശന–ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുന്നതുപോലെ തിരിച്ചുള്ള സന്ദർഭങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ തെറ്റില്ല എന്നതും ഇസ്‌ലാമിക നിലപാടുതന്നെയാണ്. ഫലസ്ത്വീൻ വിമോചന വേളയിൽ ക്രൈസ്തവ മത നേതൃത്വത്തിന്റെ ക്ഷണപ്രകാരം അവിടെയെത്തിയ ഉമറി(റ)ന് നമസ്കാര സമയമായപ്പോൾ ചർച്ചിനകത്ത് തന്നെ അവർ സൗകര്യമൊരുക്കിക്കൊടുത്തു. ഭാവിയിൽ മുസ്‌ലിംകൾ താൻ നമസ്കാരം നിർവഹിച്ചതിന്റെ പേരിൽ അവകാശവാദം ഉന്നയിച്ചേക്കുമോ എന്ന ആശങ്ക മൂലമാണ് അദ്ദേഹം ആ സൗകര്യം ഉപയോഗപ്പെടുത്താതിരുന്നത്. നമസ്കരിക്കുന്നത് മതപരമായി തെറ്റാണെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നില്ല. ■

nadwihakeem@gmail.com